# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 4168. 12.11.2019- ൽ മറുപടിക്ക്**

## പൊതുമേഖലാ സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.വി.എസ്.ശിവകുമാർ** | **ശ്രീ.ഇ.പി.ജയരാജൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനം അവലോകനം ചെയ്യാറുണ്ടോ; വിശദമാക്കുമോ; | (എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനം റിയാബിന്റെ മേൽനോട്ടത്തിൽ എല്ലാ മാസവും അവലോകനം ചെയ്യാറുണ്ട്. നിലവിൽ സ്ഥാപനങ്ങൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ടെക്സ്റ്റൈൽ മേഖലയ്ക്കാവശ്യമായ അസംസ്കൃത വസ്തുക്കൾക്ക് വിലക്കൂടുതൽ ഉള്ളതിനാലും ഉൽപ്പന്നങ്ങൾക്ക് വിപണിയിൽ ഡിമാന്റ് കുറയുകയും ചെയ്യുന്നതിനാൽ ഉൽപാദന ചെലവിനേക്കാൾ കുറഞ്ഞ വിലയ്ക്ക് ഉൽപ്പന്നങ്ങൾ വിൽക്കേണ്ട സാഹചര്യമുള്ളതിനാലാണ് സ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നത്.<br>കേരളത്തിലെ പൊതുമേഖലയിലെയും സഹകരണ മേഖലയിലെയും സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനം സംബന്ധിച്ച് റിയാബ് തയ്യാറാക്കിയ പഠനറിപ്പോർട്ട് 06.08.2019 ൽ ബഹു.വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ അവലോകനം ചെയ്യുകയുണ്ടായി. |
| (ബി) പ്രസ്തുത സ്ഥാപനങ്ങളുടെ 2018-19 വർഷത്തെ ലാഭവും നഷ്ടവും എത്രയെന്ന് വ്യക്തമാക്കുമോ; | (ബി) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്പിന്നിംഗ് മില്ലുകളായ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന് 43.88 കോടി രൂപയും ട്രിവാൻഡ്രം സ്പിന്നിംഗ് മില്ലിന് 126.21 ലക്ഷം രൂപയും സീതാറാം ടെക്സ്റ്റൈയിൽസിന് 727.48 ലക്ഷം രൂപയുമാണ് 2018-19 വർഷത്തെ നഷ്ടമായി കണക്കാക്കിയിട്ടുള്ളത്. |
| (സി) പ്രസ്തുത മില്ലുകളുടെ തലപ്പത്ത് നിലവിൽ ഇരട്ടപദവി വഹിക്കുന്ന എം.ഡി.മാർ ആരൊക്കെയാണെന്ന് വെളിപ്പെടുത്താമോ? | (സി) കൈത്തറി & വസ്ത്ര ഡയറക്ടറായ ശ്രീ.കെ.സുധീറാണ് പ്രസ്തുത മില്ലുകളുടെ എം.ഡി ആയി അധിക ചുമതല വഹിക്കുന്നത്. |

സെക്ഷൻ ഓഫീസർ